# ശാസ്ത്രീയതെളിവുകൾ കോട്ടയം അതിരൂപതയുടെ വംശീയആചാരങ്ങൾക്കു വെല്ലുവിളിയാകുന്നു!



അലക്സ്
കാവുംപുറത്ത്-USA
(National Co-ordinator,
KANA)

**അ**ലക്സ് ചാക്കോ എന്ന ക്നാനായക്കാരൻ ഈ അടുത്തകാലത്ത് നടത്തിയ DNA test അനുസരിച്ച് അദ്ദേഹം 100 % ഇന്ത്യക്കാരനാണ് (see Facebook page of Alex LA). ഈ വ്യക്തിയോടുബന്ധപ്പെട്ട നൂറുകണക്കിന് കുടുംബാംഗങ്ങൾ ഇന്ത്യൻ പൈതൃകംമാത്രമുള്ളവരാണെങ്കിലും, അവരൊക്കെ ക്നാനായ സമുദായത്തിലും പള്ളികളിലും അംഗങ്ങളാണ്. എന്നാൽ ഈ അലക്സ് കത്തോലിക്കയായ ഒരു ഒരിന്ത്യൻ സ്ത്രീയെ വിവാഹമെന്ന കൂദാശയിലൂടെ സ്വന്തം ഭാര്യ ആക്കിയപ്പോൾ, അദ്ദേഹം കർമ്മംകൊണ്ട് ക്നാനായക്കാരൻ അല്ലാതായി എന്നു പറഞ്ഞ് ക്നാനായപള്ളിയിൽനിന്നും സമുദായത്തിൽ നിന്നും അവരെ പുറത്താക്കി. ഇതാണ് ക്നാനായക്കാരന്റെ പരിപാവനമായ എൻഡോഗമി!

ഇതുവരെ DNA ടെസ്റ്റ് നടത്തിയ ക്നാനായക്കാർ ഇന്ത്യൻ പൈതൃകംമാത്രം ഉള്ളവരോ, ഇന്ത്യൻ പൈതൃകവും മധ്യപൂർവേഷ്യയിലെ യഹൂദരുൾപ്പെടെയുള്ള ജനതകളുടെ സങ്കരപൈതൃകം ഉള്ളവരോ ആണ്. ഇങ്ങനെയുള്ളവരാണ് ക്നാനായ സമുദായത്തിലെ ഭൂരിഭാഗം പേരും എന്നുള്ളത് വളരെ വ്യക്തമാണ്. ആർക്കെങ്കിലും സംശയമുണ്ടെങ്കിൽ DNA ടെസ്റ്റ് നടത്തി സംശയനിവാരണം വരുത്താവുന്നതാണ്. ചിലർ അവർക്കുയാതൊരു സംശയവുമില്ല എന്ന് വീമ്പടിക്കുമെങ്കിലും അവരുടെ ഉള്ളിൽ യഥാർത്ഥത്തിൽ പേടിയാണ്. കാരണം, കണ്ണാടിയിൽ നോക്കുമ്പോൾ അവർ കാണുന്ന മുഖവും അവരുടെ നിറവും കേരളത്തിലെ അവരുടെ അയൽവാസികളുടേതുപോലെതന്നെയാണ്!

ബിജു ഉതുപ്പ് കേസിലെ കോടതിവിധിയിൽ, ക്നാനായക്കാരിയല്ല എന്ന് വളരെ വ്യക്തമായി പറഞ്ഞിരിക്കുന്ന റോസമ്മയും അവരുടെ മക്കളും ഇന്ന് കോട്ടയം രൂപതയിലെ ഒരിടവകയിൽ മെത്രാന്മാരുടെയും സമുദായനേതാക്കന്മാരുടെയും അറിവോടെ അംഗങ്ങളാണ്. ഇവർ കോട്ടയം മെത്രാപ്പോലീത്തയുടെ ബന്ധുക്കളായതുകൊണ്ടാണോ അവരെ പുറത്താക്കാത്തത് എന്ന് പലരും ചോദിക്കാൻ തുടങ്ങിയിരിക്കുന്നു.

എന്നാൽ ബിജു ഉതുപ്പിനെയും അദ്ദേഹത്തിന്റെ

കുടുംബാംഗങ്ങളെയും അവർ എൻഡോഗമസ് അല്ല എന്ന കാരണത്താൽ പുറത്താക്കുവാൻ, കോട്ടയം രൂപതയും സംഘടനാനേതാക്കന്മാരും ലക്ഷക്കണക്കിന് രൂപ മുടക്കി കഴിഞ്ഞ 30 വർഷമായി കേസ് നടത്തുകയാണ്. എന്നാൽ എല്ലാ കോടതികളും ബിജു ഉതുപ്പും കുടുംബാംഗങ്ങളും ക്നാനായക്കാരും കോട്ടയം രൂപതയിലെ അംഗങ്ങളും ആണെന്നാണ് വിധിച്ചിരിക്കുന്നത്. കോട്ടയം പിതാക്കന്മാരും നേതാക്കന്മാരും എന്തുകൊണ്ടാണ് ഈ കുടുംബത്തോട് ഇത്രമാത്രം വിവേചനം കാണിക്കുന്നതും ദ്രോഹിക്കുന്നതും?

നൂറു ശതമാനം ഇന്ത്യൻ പൈതൃകം ഉള്ളവരും സങ്കരപൈതൃകമുള്ളവരും ക്നാനായ മാതാപിതാക്കന്മാർക്കു മാത്രം ജനിച്ച ക്നാനായക്കാരാണ് എന്നു കരുതുവാൻ സാധ്യമല്ല. ഇവരുടെ പൂർവികർ പല തലമുറകൾക്കുമുമ്പ് മൺമറഞ്ഞുപോയതുകൊണ്ട് അവരെപറ്റിയുള്ള വിവരങ്ങൾ നമുക്കു ലഭ്യമല്ല. എന്നാൽ അവരുടെ ഇന്ന് ജീവിച്ചിരിക്കുന്ന പിന്ഗാമികളുടെ DNA പരിശോധിച്ചാൽ അവരുടെ യഥാർത്ഥ പൈതൃകം വളരെ കൃത്യമായി മനസ്സിലാക്കുവാൻ സാധിക്കും.

മുകളിൽ വിവരിച്ചരിക്കുന്ന തെളിവുകളുടെ വെളിച്ചത്തിൽ ഒരു കാര്യം വ്യക്തമാണ് - ക്നാനായ സമുദായത്തിലെ ഭൂരിഭാഗം അംഗങ്ങളും ക്നാനായ മാതാപിതാക്കന്മാർക്കുമാത്രം ജനിച്ചവരല്ല; യഹൂദ പൈതൃകം മാത്രമുള്ളവരല്ല. അങ്ങനെയെങ്കിൽ എൻഡോഗാമിയുടെപേരിൽ നമ്മുടെ കുടുംബാംഗങ്ങളെ, ക്നാനായ lineage - ൽ ഉള്ളവരെ പുറത്താക്കുന്നതിൽ ഒരു ന്യായീകരണവുമില്ല.

ക്നാനായസമുദായത്തിലെ പുറത്താക്കൽ നടപടി യുക്തിക്കും ബുദ്ധിക്കും ശാസ്ത്രീയതെളിവു കൾക്കും

എതിരാണ്, കോടതിവിധികൾക്കെതിരാണ്, ദൈവനിയമങ്ങൾക്കും സഭയുടെ അനുശാസന ങ്ങൾക്കും എതിരാണ്. സമുദായത്തിന്റെ അംഗബലം കുറച്ച് നാശത്തിലേക്കു നയിക്കുന്നതാണ്; സമുദായത്തിൽ അനൈക്യത്തിന്റെ വിത്ത് വിതയ്ക്കുന്നതാണ്. ക്നാനായ പൂർവികരെ അവഹേളിക്കുന്നതാണ്; വ്യക്തിസ്വാതന്ത്ര്യത്തിനും പൗരാവകാശങ്ങൾക്കും എതിരാണ്; സമൂഹത്തിൽ അസ്വസ്ഥത ഉണ്ടാക്കുന്ന വർഗീയവിഷവിത്താണ്. എന്നിട്ടും ഈ ആചാരത്തെ എന്തുകൊണ്ടാണ് മെത്രാന്മാരും അച്ചന്മാരും സംഘടനാനേതാ ക്കന്മാരും പരിപാവനമായി കരുതുന്നത്; രക്തം ചിന്തി, ജീവൻനൽകി സംരക്ഷിക്കുമെന്നു മുദ്രാവാക്യം വിളിക്കുന്നത്?

ഇങ്ങനെയൊക്കെ ഈ സമുദായത്തിൽ സംഭവിക്കുന്നത് എന്തുകൊണ്ട്? സത്യം മനസിലാ ക്കാനും തെറ്റും ശരിയും തിരിച്ചറിയാനുമുള്ള ഇവരുടെ ബോധത്തിന് എന്തുപറ്റി? ക്നാനായക്കാർ വർഗീയവികാരത്തിന് ഇത്രമാത്രം അടിമപ്പെടാൻ കാരണമെന്താണ്? നേതാക്കന്മാർ ചിന്തിക്കുക. ഭൂമി ഉരുണ്ടതല്ല, പരന്നതാണ് എന്ന് കത്തോലിക്കാസഭ ഇന്നു പഠിപ്പിച്ചാൽ സഭയുടെ അവസ്ഥ എന്താകും എന്ന് ഒന്നാലോചിച്ചു നോക്കുക. ഇങ്ങനെയുള്ള ഒരവസ്ഥയിലാണ് ക്നാനായ സമുദായം ഇന്ന്. എൻഡോഗമസ് അല്ലാത്ത ഒരു സമൂഹം, എൻഡോഗാമിയുടെപേരിൽ സ്വന്തം കുഞ്ഞുങ്ങളെ പുറത്താക്കിക്കൊണ്ടു എത്രനാൾ മുന്നോട്ടു പോകും. ചിന്തിക്കുക!

ഫോൺ: (001)516-503-9387